"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- മലപ്പുറം ജില്ലയിലെ കുന്നപ്പള്ളി എ.എം. യു.പി. സ്കൂളിലെ ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ. നൗഫൽ നസീർ.എം. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 24458/2021 മേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.872/2022/GEDN തീയതി,തിരുവനന്തപുരം, 16-02-2022

---

പരാമർശം:-

1. 14/10/2015 ലെ 44977/J2/2013/GEDN നമ്പർ കത്ത്
2. കുന്നപ്പള്ളി എ.എം. യു.പി. എസിലെ ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ. നൗഫൽ നസീർ.എം. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 24458/2021 മേലുള്ള 09/11/2021 ലെ വിധിന്യായം
3. 04/01/2022 ലെ പെരിന്തൽമണ്ണ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/2218/2021 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുന്നപ്പള്ളി എ.എം. യു.പി. സ്കൂളിലെ ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ. നൗഫൽ നസീർ.എം. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 24458/2021 മേലുള്ള പരാമർശം 2 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ, അഞ്ചാം എതിർകക്ഷി എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P6 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചതിൻ പ്രകാരം ഹർജിക്കാരനേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 25/01/22 തീയതിയിൽ ഹർജിക്കാരനേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേട്ടിരുന്നു.

2. നിയമനത്തീയതി മുതൽ, വെക്കേഷൻ കൂടി പരിഗണിച്ച്, റഗുലർ തസ്തികയിലെ തന്റെ ജൂനിയർ അറബിക് തസ്തികയിലെ നിയമനം അംഗീകരിക്കണമെന്നതാണ് Ext. P6 റിവിഷൻ ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. 4. കുന്നപ്പള്ളി എ.എം. യു.പി. സ്കൂളിലെ ജൂനിയർ അറബിക് അദ്ധ്യാപകൻ 20/09/2014 ന് മരണപ്പെട്ടതുമൂലമുണ്ടായ ഒഴിവിലേക്കാണ് 17/11/2014 മുതൽ ഹർജിക്കാരനെ മാനേജർ നിയമിക്കുകയും ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാര പ്രൊപ്പോസൽ പൂർണ്ണമായി സമർപ്പിച്ചിട്ടില്ല, അക്കാദമിക് വർഷത്തിനിടയിൽ നടത്തുന്ന നിവേദനം വെക്കേഷൻ വരെ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമിക്കുവാൻ സാധിക്കുകയുള്ളൂ എന്നീ കാരണങ്ങളാൽ

നിരസിച്ചിരുന്നു.

5. ഇതിനെതിരെ മാനേജർ ജില്ലാ വിദ്യാഭ്യാസഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും ജില്ലാ വിദ്യാഭ്യാസഓഫീസറുടെ നിർദ്ദേശപ്രകാരം മാനേജർ നിയമനം 1/6/2015 മുതൽ പുതുതായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 01/06/2015 മുതൽ റഗുലർ സ്കെയിലിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

6. സ്നേഹ ചെറിയാൻ Vs State of Keraka കേസിന്റെ അടിസ്ഥാനത്തിൽ നിയമനത്തീയതിയായ 17/11/2014 മുതൽ 31/05/2015 വരെയുള്ള കാലയളവ് കൂടി റഗുലർ സ്കെയിലിൽ അംഗീകരിക്കണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

7. Sneha Cherian Vs State of Kerala (2013(1) KLT 755(SC)) കേസിലെ ബഹു. സുപ്രീംകോടതിയുടെ വിധിന്യായത്തിൽ, റഗുലർ പോസ്റ്റുകളിലെ നിയമനങ്ങളുടെ കാര്യത്തിൽ അക്കാദമിക് വർഷത്തിന്റെ ഏതു കാലയളവിൽ നിയമനം നടത്തിയാലും അത് ശമ്പളസ്കെയിലിൽ തന്നെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം 1 പ്രകാരം സർക്കാർ ഇക്കാര്യത്തിൽ താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

"Teachers appointed for a period of more than one academic year against vacancies occurred due to death, retirement, promotion, resignation, long term leave etc. will be entitled to get regular scale of pay irrespective of the time in which he is appointed during the course of that academic year subject to Rule 49 of Chapter XIV A of KER which implies that he will not be getting his vacation salary if he does not complete 8 months."

8. ഇവിടെ ഹർജിക്കാരനെ 17/11/2014 മുതൽ നിയമിച്ചിട്ടുള്ളത് റഗുലർ തസ്തികയിലാണ്. പ്രസ്തുത ഒഴിവ് അന്നു മുതൽ തുടർച്ചയായി നിലനിന്നുവരുന്നുണ്ട്. അപ്രകാരം റഗുലർ ഒഴിവിൽ നിയമിക്കപ്പെട്ടതിനാൽ മേല്പറഞ്ഞ സുപ്രീംകോടതി വിധിയും അതനുസരിച്ച് സർക്കാർ നൽകിയ സ്പഷ്ടീകരണത്തിന്റേയും അടിസ്ഥാനത്തിൽ 17/11/2014 മുതൽ തന്നെ തുടർച്ചയായി ശമ്പള സ്കെയിലിൽ നിയമനാംഗീകാരത്തിന് ഹർജിക്കാരന് അർഹതയുണ്ടെന്ന് കാണുന്നു. ജില്ലാ വിദ്യാഭ്യാസഓഫീസറും പൊതുവിദ്യാഭ്യാസ ഡയറക്ടറും ഇക്കാര്യം പരിഗണിക്കാമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ 17/11/2014 മുതൽ 31/05/2015 വരെയുള്ള ഹർജിക്കാരന്റെ ജൂനിയർ അറബിക് തസ്തികയിലെ നിയമനം റഗുലർ സ്കെയിലിൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട് ഹർജി നം. 24458/2021 മേലുള്ള പരാമർശം 2 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അപ് ഹിൽ, മലപ്പുറം- 676505

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അപ് ഹിൽ, മലപ്പുറം- 676505

നൗഫൽ നസീർ.എം., അറബിക് ടീച്ചർ, എ.എം. യു.പി സ്കൂൾ കുന്നപ്പള്ളി പി.ഒ, പെരിന്തൽ മണ്ണ, മലപ്പുറം-679 340

മാനേജർ, എ.എം. യു.പി സ്കൂൾ കുന്നപ്പള്ളി പി.ഒ, പെരിന്തൽ മണ്ണ, മലപ്പുറം.- 679 340

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 16-02-2022 10:31:31**
സെക്ഷൻ ഓഫീസർ